(1)	(2)	(3)
4	ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ	50 ശതമാനം പണി പൂർത്തിയായി
5	ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ	95 ശതമാനം പണി പൂർത്തിയായി
6	വിതരണശൃംഖല - മേഖല I&IV	പൂർത്തീകരിച്ചു
7	വിതരണശൃംഖല - മേഖല II&III	95 ശതമാനം പൂർത്തിയായി

പ്രസ്തുത പദ്ധതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും എച്ച്-ടി. പവർ കണക്ഷൻ ലഭ്യമാക്കലും പ്രവർത്തന പുരോഗതിയിലാണ്.

(സി) 1-7-2011 മുതൽ 31-10-2014 വരെ സ്കാൻ പ്രകാരം പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കോഴിക്കോട് നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

218 (2773) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കുമ്പോൾ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പള്ളിമലക്കുന്ന്, എരവത്ത് കുന്ന്, കൊടമോളിക്കുന്ന്, കോട്ടക്കുന്ന്, കേലാട്ട് കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നടപ്പാക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പള്ളിമലക്കുന്ന്, എരവത്ത്കുന്ന്, കൊടമോളിക്കുന്ന്, കോട്ടക്കുന്ന്, കേലാട്ട് കുന്ന് എന്നിവിടങ്ങളെ ഭാഗികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ഏറ്റെടുക്കുവാനും ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുവാനും സാധിക്കൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly